കെ. എം. ചുമ്മാർ

BKM

MF
5
CHU
P

D. M. 1728
82241
KOTTAYAM PUBLIC LIBRARY KOTTAYAM
THE KOTTAYAM PUBLIC LIBRARY. KOTTAYAM. TRAVANCORE.

# പുതപ്പിന്നുള്ളിൽ

കഥാകൃത്ത്:

**ഇസ്മത്ത് ചുഖ്തായ്**

ഇംഗ്ലീഷ് വിവർത്തനം:

**കെ. എ. അബ്ബാസ്**

മലയാളവിവർത്തനം:

**കെ. എ. ജബ്ബാർ**

NATIONAL BOOK STALL KOTTAYAM. KALARIKAL BAZAAR

വില 6 ണ.

രണ്ടാംപതിപ്പ്
കോപ്പി 500
1956 ജൂൺ 1

പ്രസാധകൻ:
തോമസ് പാപ്പി വേലങ്കളം
ചമ്പക്കുളം

അച്ചടി
മഹിളാമിത്രം പ്രസ്
ചമ്പക്കുളം

822 41

# രണ്ടുവാക്ക്

സാമ്പത്തികവും സാംസ്കാരികവുമായ അവശതകൾ മനുഷ്യസമുദായത്തെ എത്രമാത്രം അധ:പതിപ്പിക്കുന്നുണ്ടോ, അത്രതന്നെ അവശതകൾ അവരുടെ ലൈംഗികപരമായ വശങ്ങളിലുമുണ്ടെന്നു സൂക്ഷ്മനിരീക്ഷകനായ ഒരു വ്യക്തിക്കു ഗ്രഹിക്കുവാൻ കഴിയും. ഇവ തമ്മിൽ ഒരേ ഒരു വ്യത്യാസം മാത്രമേയുള്ളു. ഒന്നു ഗോചരമായ വിധത്തിലാണെങ്കിൽ മറേറത്ത് അഗോചരമായി യവനികയ്ക്കു പുറകിലാണ് നടമാടുന്നത്. ഇങ്ങിനെ അന്ധകാരത്തിൻെറ തിരശ്ശീലയിട്ട് ജുഗുപ്സാവഹമായവിധം അഭിനയിച്ചുകൊണ്ടിരിക്കുന്ന ഇത്തരം ലൈംഗിക നാടകങ്ങളെ ബഹുജന ദൃഷ്ട്യാ കൊണ്ടുവന്ന് അവയ്ക്കു വേണ്ട പരിഹാരം നിർദ്ദേശിക്കേണ്ടതു് ജീവൽ പ്രശ്നങ്ങളെ സധൈര്യം അഭിമുഖീകരിക്കുന്ന കലാകാരന്റെ കർത്തവ്യമാണ്.

ലൈംഗികമായ ഇത്തരം വേക്രുത്തുകളെ കഥാരൂപേണ വെളിപ്പെടുത്തുമ്പോൾ, തങ്ങൾ എഴുതിവിട്ട മനംപിരട്ടുന്ന 'പച്ചത്തെറികളെക്കൂടി വിസ്മരിച്ച്', പല്ലിറുമ്മി ചന്ദ്രഹാസമിളക്കുന്ന ചില വിമർശകക്കോമരങ്ങൾ ഇന്ന് നമ്മുടെ മലയാളസാഹിത്യത്തിലും കാണുവാൻ കഴിയും. പൊറെറക്കാട്ടിൻെറ 'കള്ളപ്പശു'വേയും വർക്കിയുടെ 'വിത്തുകാള'യേയും കണ്ണടച്ചു വിമർശിച്ച നിരൂപകന്മാരുടെ ദൃഷ്ടിയിൽ പെടേണ്ട ഒരു കഥയാണ് "പുതപ്പിന്നുള്ളിൽ"

"പുതപ്പിന്നുള്ളിൽ" എന്ന ഈ കഥയെഴുതിയ സാഹിത്യകാരിയെ ഉറുദു സാഹിത്യത്തിലെ പഴഞ്ചൻ വിമർശകർ അന്തമില്ലാതെ ശകാരിക്കുകയുണ്ടായി. അവരുടെ വിലപോകാത്ത വിതണ്ഡാവാദത്തെപ്പററി ശ്രീ: അബ്ബാസ് തന്നെ പറയുന്നു. "ഈ കഥ വായിക്കുന്നതോടുകൂടി വിമർശകന്മാർ ക്ഷുഭിതരാകുന്നു. എനിക്കിതിൻെറ കാരണം മനസ്സിലാകുന്നില്ല."

എന്ന്, വിവർത്തകൻ,

കെ. എ. ജബ്ബാർ.

THE KOTTAYAM PUBLIC LIBR
KOTTAYAM.
TRAVANCORE.

82241

# പുതപ്പിനുള്ളിൽ

ഹേമന്തകാലത്തു് ഞാൻ പുതപ്പിനുള്ളിൽ കിടക്കുമ്പോളെല്ലാം, ചുമരിൽ പതിക്കുന്ന അതിന്റെ നിഴൽ, ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ആനയെപ്പോലെ തോന്നിച്ചിരുന്നു. അതു് കാണുമ്പോൾ പെട്ടെന്നു് എന്റെ സ്മരണ കഴിഞ്ഞുപോയ കാലങ്ങളിലേക്കു് ഭ്രാന്തുപിടിച്ചു പായാറുണ്ടു്.

ക്ഷമിക്കണം. ഞാൻ എന്റെ സ്വന്തം പുതപ്പിന്റെ പ്രണയക്കഥയല്ല വിവരിക്കുവാൻ പോകുന്നതു്. പുതപ്പുമായി ബന്ധപ്പെട്ട മററു് ഏതെങ്കിലും പ്രേമകഥകളുമല്ല പറയുവാൻ പോകുന്നതു്. എന്റെ അഭിപ്രായത്തിൽ ഒരു കമ്പിളി അത്രയൊന്നും സുഖദായകമല്ല. പക്ഷെ അതിന്റെ ഛായ ഒരു ചുമരിന്മേൽകിടന്നു് നൃത്തം

വയ്യുമ്പോൾ അത്ര അസാധാരണമായ ഒന്നായി തോന്നണമെന്നില്ല. എൻെറ സഹോദരീ സഹോദരന്മാരോട്ടം അവരുടെ കളിച്ചങ്ങാതികളോട്ടംകൂടി തല്ലുപിടിച്ചുനടന്ന് ദിവസം കഴിക്കുന്ന ഇളംപ്രായത്തെക്കുറിച്ചാണ് ഇപ്പോൾ സംസാരിക്കുന്നത്. ഞാനെന്തുകൊണ്ടാണ് ഒരു തല്ലുപിടിക്കാരിയായതെന്നതിനെപ്പററി ഞാൻ തന്നെ സദാ അത്ഭുതപ്പെടാറുണ്ട്. എൻെറ മററു സഹോദരികൾ കാമുകന്മാരെ ശേഖരിക്കുവാൻ പണിപ്പെട്ടുകൊണ്ടിരിക്കുമ്പോൾ, ഞാൻ കണ്ടുമുട്ടുന്ന ബാലികാബാലന്മാരുമായി ലഹളകൂട്ടുവാനൊരുങ്ങും.

അതുകൊണ്ടാണ്, അമ്മ ആഗ്രയ്ക്ക് പോകുമ്പോൾ എന്നെ, അവരുടെ ദത്തെടുത്ത ഒരു സഹോദരിയായ 'ബീഗംജാനെ' ഏല്പിക്കുന്നത്. ഈ വീട്ടിൽ എനിക്ക് ലഹളകൂട്ടുവാനും തല്ലുപിടിക്കുവാനും കുട്ടികളില്ലെന്ന് അവക്ക്റിയാമായിരുന്നു. എന്നെസംബന്ധിച്ചിടത്തോളം അത് നല്ലൊരു ശിക്ഷയായിരുന്നു. അതെ, ഞാൻ പ്രസ്താവിച്ചതുപോലെ അമ്മ എന്നെ ബീഗംജാനെ ഏല്പിച്ചു. അതേ ബീഗംജാൻെറ പുതപ്പിൻെറ സ്മരണ എൻെറ മനോമുകരത്തിൽ കാരുരുക്കുപോലെ ചുററി സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. ഈ ബീഗംജാൻെറ നിർദ്ധനരായ മാതാപിതാക്കൾ ഒരു നവാബിനെയാണ് അവരുടെ ജാമാതാവായി സ്വീകരിച്ചത്. (അയാളുടെ പ്രായാധിക്യത്തെക്കൂടി മാററിവെച്ചിട്ട്) എന്തുകൊണ്ടെന്നാൽ അയാളുടെ സ്വഭാവം കളങ്കരഹിതമാണെന്ന് സുപ്രസിദ്ധമായതുകൊണ്ട് ഒരു ഗണികയേയോ വെപ്പാട്ടിയേയോ ഇതുവരെ അദ്ദേഹത്തിൻെറ ഭവനത്തിൽ കണ്ടിട്ടില്ല. അദ്ദേ

ഹം ഒരു ഹാജി (മക്കായിൽ പോയി മടങ്ങിവരുന്നയാൾ വിവത്തകൻ) കൂടിയാണെന്നുമാത്രമല്ല വളരെയധികം ആളുകളുടെ ഹജ്ജിന്നുവേണ്ടി ധനസഹായവും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന് പ്രത്യേകമായ ഒരേ ഒരു വിനോദമാണുണ്ടായിരുന്നതു്. ചില ആളുകൾക്ക് പ്രാവുകളെ വളത്തുന്നതിൽ ഒരുതരം ഭ്രാന്തുകാണാറുണ്ടു്. ചിലർ കൊത്തുകോഴികളെക്കൊണ്ടു് സമരംചെയ്യിച്ച് സമയംകളയുന്നു. പക്ഷെ നവാബ്സാഹിബിന്ന് ഇത്തരം വൃത്തികെട്ട വിനോദങ്ങളെ വല്ലാതെ വെറുപ്പാണ്. അദ്ദേഹം കുറച്ചു വിദ്യാത്ഥികളെമാത്രം സൂക്ഷിച്ചുപോന്നു—ചെറുപ്പക്കാരും കോമളഗാത്രരുമായ ആൺകുട്ടികൾ! അവരുടെയെല്ലാം ചിലവുകൾ നവാബ്സാഹിബ് വഹിച്ചുപോന്നു.

ബീഗംജാനെ വിവാഹം കഴിച്ചതിന്നുശേഷം അദ്ദേഹം അവളെ സ്വഗൃഹത്തിലെ മരസാമാനങ്ങളോടൊപ്പം ഒരിടത്തു് സൂക്ഷിച്ചുവെച്ചു. എന്നിട്ട് അവളെ തീരെ വിസ്മരിച്ചുകളഞ്ഞു! അതുകാരണം പാവപ്പെട്ട ആ യുവതി ഭയങ്കരമായ ഏകാന്തവാസംമൂലം ക്ഷീണിച്ചു വിവശയായിത്തീർന്നു.

അവളുടെ ജീവിതത്തിന്റെ ആരംഭം എവിടെനിന്നാണെന്ന് ഈശ്വരന്നു മാത്രമറിയാം. ജനിക്കുക എന്ന തെററുചെയ്ത അന്നുമുതല്ക്കാണോ? അല്ലെങ്കിൽ അവൾ നവാബിന്റെ അർദ്ധാംഗിയായതുമുതല്ക്കാണൊ? അതുമല്ലെങ്കിൽ വിദ്യാത്ഥികൾ അവിടെ വരുമ്പോൾ രുചികരങ്ങളായ പ്രത്യേക ഭക്ഷണപദാത്ഥങ്ങൾ അവൎക്കുവേണ്ടി കൊണ്ടുവരപ്പെടുന്നതു് ജാലകവാതിലുകളിൽ കൂടി ഒളിഞ്ഞുനോക്കി കാണുമ്പോൾ അസൂയാഗ്നിയിൽ

വെന്തുനീറുന്ന അവസരം മുതല്ക്കാണൊ? അതുമല്ലെങ്കിൽ ദൈവികമായ ഒരു മാദ്ധ്യസ്ഥത്തിന്നുവേണ്ടി പ്രാൎത്ഥിച്ച് ഹതാശയായ അന്നുമുതലാണൊ? കല്ലിൽനിന്ന് ഏതൊരുട്ടക്കും രക്തം വലിച്ചെടുക്കുവാൻ സാദ്ധ്യമല്ല. നവാബ് സാഹിബ് പഴയപടി അവളുടെ നേരെ അശ്രദ്ധനായിത്തന്നെ തുടൎന്നുപോന്നു.

ബീഗംജാന്റെ ഹൃദയം ശിഥിലമായിപ്പോയി. അവൾ മനഃശാന്തിക്കുവേണ്ടി പുസ്തകങ്ങളെ ശരണം പ്രാപിച്ചു. പക്ഷെ അതുകൊണ്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. പ്രണയനോവലുകളും വികാരജന്യങ്ങളായ കവിതകളും അവളുടെ ആശാഭംഗത്തിന്ന് മൂൎച്ച കൂട്ടുകയാണുണ്ടായത്. ഇപ്പോൾ ബീഗംജാന്റെ നിദ്രകൂടി അവളെ വിട്ടകന്നു. എന്നിട്ട് അവൾ നിരാശയുടെ ഒരു ഭാണ്ഡമായി ജീവിതാശയില്ലാതെ കഴിഞ്ഞുകൂടുകയാണ്.

വസ്ത്രങ്ങൾ! അവളുടെ ഇരുമ്പുപെട്ടികൾ നിറയെ വസ്ത്രങ്ങളുണ്ട്. പക്ഷെ അവയെല്ലാം നരകത്തിലെ തീയിലിട്ട് ദഹിപ്പിച്ചു കളയണമെന്ന് അവൾക്കു തോന്നി. ഒരാൾ വസ്ത്രധാരണം ചെയ്യുന്നത് മററാരേയെങ്കിലും പ്രീതിപ്പെടുത്തുവാനൊ ആകർഷിക്കുവാനൊ ആണ്. പക്ഷെ നവാബ് സാഹിബിന്ന് അവളെ ഒന്നു നോക്കുവാനൊ, അവളെ മററുഗൃഹങ്ങൾ സന്ദർശിക്കുവാനയക്കാനൊ സമയമില്ല. അവളുടെ വിവാഹാനന്തരം നിരവധി ബന്ധുക്കൾ അവിടെ വന്ന് താമസിച്ചുപോയിട്ടുണ്ട്. പക്ഷെ അവളുടെ കഠിനതടവിന്ന് യാതൊരു മുക്തിയും ലഭിച്ചില്ല.

ഈ ബന്ധുക്കൾ അവളെ അത്യധികം കോപാകുല യാക്കി. അവർ ഇടയ്ക്കിടെ അവിടെ വന്ന് നവാബ് സാഹിബിൻെറ അടുക്കളയിൽനിന്ന് രുചികരങ്ങളായ ഭക്ഷണങ്ങൾ കഴിക്കുകയും അവരുടെ വിലയേറിയ ഹേമന്തവസനങ്ങളെ പ്രദശിപ്പിച്ച് നവാബ്സാഹിബിനെ പ്രീതിപ്പെടുത്തുകയും ചെയ്യുന്നു. അതുകാരണം അവൾ, തൻെറ പരുത്തിപ്പുതപ്പുണ്ടായിട്ടുംകൂടി തണുത്തുവിറച്ച് ഏകയായി മെത്തമേൽ കിടക്കുകയാണ്. നിദ്രാരഹിതയായി അങ്ങോട്ടുമിങ്ങോട്ടും മറിഞ്ഞും തിരിഞ്ഞും കഴിച്ചുകൂട്ടുന്ന രാത്രികളിൽ അവളുടെ പുതപ്പിൻെറ പൊങ്ങിനില്ക്കുന്ന ഛായകൾ ചുമരിന്മേൽ പുതിയ ചില രൂപങ്ങൾ സൃഷ്ടിക്കും. പക്ഷെ അവയൊന്നും അവളുടെ ജീവിതത്തെ സന്തോഷിപ്പിക്കുവാൻ പയ്യാപ്തമായില്ല. ജീവിതംതന്നെ അത്ഥശൂന്യമായിത്തീന്നു.

ജീവിതം! അതു ബീഗംജാനെ ജീവിക്കുവാൻതന്നെ നിർബ്ബന്ധിതയാക്കി. അതുകൊണ്ടു് അവൾ ഈ ദുശങ്ങളായ ദുരിതങ്ങളിൽനിന്നു മുക്തയാവുകയും പുതിയൊരു ജീവിതം സൃഷ്ടിക്കുകയും ചെയ്തു. തകൎന്നുപോകുന്ന അവളുടെ ജീവിതത്തെ രക്ഷിച്ചതു 'റബ്ബോ'യാണ്. കണ്ണൊന്നു ചിമ്മിത്തുറക്കുന്ന സമയത്തിന്നുള്ളിൽ വററിവരണ്ടു് വിരസമായ അവളുടെ ശരീരം നിറഞ്ഞുവഴിയുവാൻ തുടങ്ങി. അവളുടെ കപോലങ്ങളിൽ നൂതനമായ ഒരു ചൈതന്യവും യുവത്വവും കളിയാടി. അതൊരു അത്ഭുതാവഹമായ പരിണാമമായിരുന്നു—നിങ്ങൾക്കു് അതൊരു യൗവ്വനത്തിൻെറ പുനജ്ജന്മമാണെന്നുകൂടി പറയാം—ഇത്തരം പരിവത്തനത്തിന്നുള്ള യാ

തൊരു ഔഷധച്ചാൎത്തും ഏതൊരു വൈദ്യമാസികയിലും കാണുകയില്ല.

ഞാൻ ബീഗംജാനെ പ്രഥമമായി കാണുമ്പോഠം അവഠംക്കു നാല്പതോ നാല്പത്തിരണ്ടോ വയസ്സ് പ്രായമുണ്ടായിരുന്നു. എത്ര പ്രൌഢയായിട്ടാണ് അവഠം അന്ന് കട്ടിലിൽ തലയണകളിൽ ചാരി റബ്ബോയുമായി ഇരുന്നിരുന്നത്. ഊതനിറത്തിലുള്ള ഒരു ഷാഠംകൊണ്ടു് കാലുകഠം മറച്ചു് ഇരുന്നിരുന്ന ബീഗംജാൻ ഒരു റാണിപോലെ തോന്നിയിരുന്നു. അവളുടെ ആകാരസൌഷ്ഠവത്തെ ഞാൻ അത്യന്തം ഇഷ്ടപ്പെട്ടതുകൊണ്ടു് അവളുടെ അടുത്തിരുന്ന് ആ മുഖത്തേക്ക് തുറിച്ചുനോക്കുവാൻ വല്ലാത്ത ആഗ്രഹം തോന്നി. ഒരു മാർബിഠം തുണ്ടംപോലെ അവളുടെ സൌന്ദൎയ്യം കളങ്കരഹിതമായിരുന്നു. അവളുടെ കേശഭാരം ഇരുണ്ടു ചുരുണ്ടു രണ്ടുവശത്തേക്കും ചീകിയിട്ടിരുന്നു. അവളുടെ നയനങ്ങഠം കറുത്തതും ചില്ലിക്കൊടികഠം നല്ല വടിവൊത്ത വില്ലുപോലെയുമിരുന്നിരുന്നു. അവളുടെ ഏററവും ആകർഷണീയമായ അംഗം അധരങ്ങളായിരുന്നു. അവ സാധാരണയായി ചായംതേച്ചു ചുമപ്പിച്ചിരുന്നു. മേൽഭാഗത്തെ അധരത്തിന്നു് കുറച്ചു് കീഴ്പ്പോട്ടു തുങ്ങലുള്ളതുകൊണ്ടു് ചില വേളകളിൽ അവളൊരു ചെറിയ ആൺകുട്ടിയേപ്പോലെ തോന്നിച്ചിരുന്നു.

ബീഗംജാൻെറ ത്വക്കിന്നു് മാർദ്ദവവും മനോഹാരിതയുമുണ്ടായിരുന്നു. വല്ലപ്പോഴും അവഠം കൈനീട്ടുവാൻവേണ്ടി കൈമുട്ടുകളെ നഗ്നമായി പുറത്തുകാണിക്കുമ്പോഠം, അതിൻെറ അലൗകികമായ ആകാരസൂക്ഷ്മക

ണ്ടു് ഞാൻ അമ്പരന്നുപോകാറുണ്ട്. അസാധാരണമായ വിധം ഉയരം അവൾക്കുണ്ടെങ്കിലും ശരീരത്തിന്ന് നല്ല യോജിപ്പുണ്ടായിരുന്നു. തടിച്ചതും മാർദ്ദവമുള്ളതുമായ കൈകളും കൃശമായ കടീതടവും. വളരെനേരം 'റബ്ബൊ' ബീഗംജാന്റെ പുറം ചൊറിഞ്ഞുകൊണ്ടിരിക്കും. അവൾ ചൊറിഞ്ഞു ചൊറിഞ്ഞുകൊണ്ടിരിക്കുന്നതു കണ്ടാൽ, ഈ പുറംചൊറിച്ചിൽ ജീവിതത്തിലെ അത്യാവശ്യമായ ഒരു കാര്യമാണെന്നു തോന്നിപ്പോകും. ചിലപ്പോൾ അതിലധികവും തോന്നും.

പരിചാരികയായ റബ്ബോ, മററു യാതൊരു പ്രവൃത്തിയും ചെയ്തിരുന്നില്ല. എല്ലാ സമയവും അവൾ ബീഗംജാൻെറ ശിരസ്സിലൊ പാദങ്ങളിലൊ മററു വല്ലസ്ഥലത്തൊ ചൊറിഞ്ഞും, ഉഴിഞ്ഞും കഴിച്ചുകൂട്ടും. അമർത്തലും ഉഴിയലുംതന്നെ! ചിലപ്പോൾ ഇതുകണ്ടു് മനസ്സ് ക്ഷീണിച്ച ഞാൻ സ്വയം പറയും.

"എങ്ങിനെയാണ് ഇത്രയധികം അമർത്തലും ഉഴിയലും അവൾ സഹിക്കുക? ആരെങ്കിലും ഇത്ര അധികം സമയം എന്നെ സ്പർശിക്കുകയാണെങ്കിൽത്തന്നെ എൻെറ ശരീരം പൊള്ളുകയും മറിവേല്ക്കുകയും ചെയ്യേനെ."

ഇങ്ങിനെയൊക്കെയുണ്ടായിട്ടും ദൈനന്തിനമുള്ള ഈ ഉഴിച്ചിലിന്ന് യാതൊരറുതിയും വന്നില്ല. ബീഗംജാൻ സ്നാനംചെയ്യുന്ന ദിവസം മണിക്കൂറുകൾക്കു മുമ്പുതന്നെ ചില ആചാരക്രിയകൾ അനുഷ്ഠിക്കാറുണ്ട്. കവാടങ്ങളെല്ലാം ബന്ധിച്ചു് തീച്ചട്ടിയുണ്ടാക്കി ഉഴിച്ചിലും ആരംഭിക്കും. ഇപ്രാവശ്യം വാസനതൈലങ്ങളും സുഗന്ധമുള്ള ലേപനങ്ങളും ഉപയോഗിക്കും. സാധാരണയായി

ഈ ആഘോഷം അനുഷ്ഠിക്കാറു് റഞ്ചോയാണ്. മററുള്ള പരിചാരികകൾ അസൂയയോടുകൂടി കുളിമുറിയുടെ കവാടത്തിന്നു് പുറത്തുനിന്നുകൊണ്ടു് ആവശ്യമുള്ള സാധനങ്ങൾ നീട്ടിക്കൊടുക്കും.

പാവപ്പെട്ട ബീഗംജാൻ! ഭയങ്കരവും അപരിചിതവുമായ ഒരുതരം ചൊറി അവളെ വല്ലാതെ അലട്ടി. ആ സുഖക്കേടു് മാററിക്കളയുവാൻ മരുന്നിന്നൊ തൈലലേപനംകൊണ്ടോ സാദ്ധ്യമല്ല. വൈദ്യന്മാരും കാക്കാലന്മാരും അവരുടെ കഴിവില്ലായ്മ പ്രകടമാക്കി.

"ഞങ്ങൾക്കു് യാതൊരു സുഖക്കേടും കാണുവാൻ കഴിയുന്നില്ല. ത്വക്കാണെങ്കിൽ നല്ല ആരോഗ്യനിലയിൽത്തന്നെയിരിക്കുന്നു. എന്തെങ്കിലും ആന്തരികമായ തകരാറുണ്ടായിരിക്കും::"

'ഈ ശപിക്കപ്പെട്ട വൈദ്യന്മാരെക്കുറിച്ചു ക്ലേശിക്കേണ്ട,' റഞ്ചോ പറയും. ആന്തരികമായ തകരാറത്രെ: എന്തൊരു വിഡ്ഢിത്വം! ഈശ്വരൻ നിങ്ങളെ രക്ഷിക്കും. ഇതു നിങ്ങളുടെ രക്തത്തിലുള്ള ഉഷ്ണംകൊണ്ടാണ്. ഇതും പറഞ്ഞു റഞ്ചോ, ബീഗംജാൻെറ നേരെ പ്രത്യേകമായ നോട്ടമിട്ടുകൊണ്ടു് പുഞ്ചിരിതൂകി.

ഹോ! ഈ റഞ്ചോ ഇല്ലെ. അവൾ ബീഗംജാൻ എത്ര സൌന്ദയ്യവതിയാണോ അത്രക്കു് വിരൂപയാണ്. അവളുടെ നിറം കാരിരുമ്പുപോലെയായിരുന്നു. അവളുടെമുഖം വസൂരിക്കലബാധിച്ചതുപോലെ തോന്നിച്ചു. ദൃഢവും കട്ടികൂടിയതുമായ ശരീരം. വേഗത്തിൽചലിക്കുന്ന കൈകൾ, തടിച്ചു ഘനംതൂങ്ങിയ ചുണ്ടുകൾ—ശരീര

ത്തിൽനിന്ന് ഭീതിജനകമായ ഒരു ദുർവ്വാസന, ഇതെല്ലാം റബ്ബോയുടെ ഗുണങ്ങളാണ്. ബീഗംജാനെ ഉഴിയുന്ന അവളുടെ കൈകൾ എത്ര വേഗതയും ചൊറുചൊറുക്കുമുള്ളതാണ്. പുറത്ത് ഉഴിഞ്ഞുകൊണ്ടിരിക്കുന്ന അവളുടെ കൈകൾ പെട്ടെന്ന് അരക്കെട്ടിലേയ്ക്കും മാറിക്കൊണ്ടിരിക്കും. ഞാൻ ബീഗംജാൻെറ സമീപത്തിരിക്കുമ്പോളെല്ലാം വല്ലാതെ ആകൃഷ്ടിതയായി റബ്ബോയുടെ കൈകൾ ചെയ്യുന്നതെന്താണെന്നു സൂക്ഷിച്ചുകൊണ്ടിരുന്നു.

വസന്തകാലത്തായാലും ഹേമന്തകാലത്തായാലും ബീഗംജാൻ കസവുപിടിപ്പിച്ച ഹൈദ്രബാദിലെപ്പോലത്തെ കുപ്പായങ്ങളാണ് ധരിക്കുക. അവൾക്കു കറുത്ത കാലുറകളും മഞ്ഞുപോലെ ധവളമായ കുപ്പായങ്ങളുമാണധികമിഷ്ടം. വൈദ്യുതവിശറിയുള്ള വസന്തകാലത്തുപോലും അവൾ ഒരു ഷാൾ പുതച്ചിരിക്കും. എല്ലാക്കാലങ്ങളിലുംവെച്ച് അവൾ ഇഷ്ടപ്പെടുന്നത് ഹേമന്തകാലത്തേയാണ്. അവളെ സന്ദർശിക്കുവാൻ ഞാനും ഇഷ്ടപ്പെട്ടത് അക്കാലമാണ്, ബീഗംജാൻ വളരെ ദുർല്ലഭമായിട്ടേ നടക്കാറുള്ളു. അവൾ സദാ പേർസ്യൻ പരവതാനിയിൽകിടന്ന് 'റബ്ബോ'യെക്കൊണ്ട് ചൊറിയിപ്പിച്ചും വായനിറയെ ഉണക്കപ്പഴങ്ങൾ തിന്നും കഴിച്ചുകൂട്ടും.

റബ്ബോ, ബീഗംജാൻെറ അരുമയായതുകൊണ്ട് മറ്റുള്ള പരിചാരികകൾ അവളുടെനേരെ അസൂയാലുക്കളായി. അവൾ ബീഗംജാൻെറ ഒരിക്കലും വിട്ടുമാറാത്ത സഹചാരിണിയാണ്—ഭക്ഷണം കഴിക്കുമ്പോളും കു

ടിക്കുമ്പോഴും സംസാരിക്കുമ്പോഴും, ശയിക്കുമ്പോഴുംക്കൂടി ഏതൊരു കൂട്ടത്തിൽചെന്നാലും പ്രധാനപ്പെട്ട സംഭാഷണവിഷയം ബീഗംജാനും റബ്ബോയുമായിരിക്കും. അവരുനാമോച്ചാരണമാത്രയിൽ എല്ലാവരും ചിരിക്കുവാൻ തുടങ്ങും. ജനങ്ങൾ ബീഗംജാനെപ്പററി ഭയങ്കരങ്ങളായ പല സംഗതികളും പറഞ്ഞു. പക്ഷെ അവളാകട്ടെ യാതൊരാളോടും അടുത്തുപെരുമാറുവാൻ ഒരുങ്ങിയില്ല. അവളുടെ ചൊറിതന്നെ അവൾക്കു തൃപ്തികരമായ ഒരു കൂട്ടുകാരിയായിരുന്നു.

ഞാൻ മുമ്പ് പറഞ്ഞതുപോലെ ബീഗംജാനെ അതിരററു സ്നേഹിച്ചിരുന്നു. അവളും എന്നെ അത്യധികം സ്നേഹിച്ചിരുന്നു. അതുകൊണ്ട് അമ്മ ആഗ്രയിലേക്ക് പോയപ്പോൾ എന്നെ ബീഗംജാനെ ഏല്പിച്ചു. ഇതിൽ ഞങ്ങൾ രണ്ടുപേരും സന്തോഷിച്ചു. പക്ഷെ ഒരു പ്രശ്നം ഉയൎന്നുവന്നു. ഞാൻ എവിടെയാണ് ഉറങ്ങേണ്ടതു്? സാധാരണയായി ബീഗംജാൻെറ മുറിയിലാണ് വേണ്ടത്. തന്മൂലം ബീഗംജാൻെറ വലിയ കട്ടിലിന്നും ഇരട്ടക്കിടക്കയ്ക്കും സമീപത്തായി ഒരു ചെറിയ കട്ടിലിട്ടു. ഞങ്ങൾ പതിനൊന്നുമണിവരെ സംസാരിച്ചും ശീട്ടുകളിച്ചും കഴിച്ചുകൂട്ടിയതിനുശേഷം നിദ്രക്കൊരുങ്ങി. ഞാൻ ഉറങ്ങുന്നതിനുമുമ്പ് റബ്ബോ, ബീഗംജാൻെറ പുറത്തു ചൊറിഞ്ഞുകൊണ്ടിരിക്കുന്നതായിഞാനോൎത്തു.

"ആ പിശാചിനെ നോക്കൂ!" അതുംപറഞ്ഞു ഞാൻ തിരിഞ്ഞുകിടന്നു.

ഞാൻ ഞെട്ടിയുണൎന്നു. എനിക്ക് വല്ലാത്തൊരു ഭീതിതോന്നി, മുറിമുഴുവൻ അന്ധകാരം വ്യാപിച്ചിരുന്നു.

ആ അന്ധകാരത്തിൽ ബീഗംജാൻെറ പുതപ്പു ഒരു ആനയെ അടക്കംചെയ്തപോലെ തോന്നിച്ചു.

"ബീഗംജാൻ" ഞാൻ ഭയചകിതയായി ഒരൊച്ച പുറപ്പെടുവിച്ചു. പെട്ടെന്ന് പുതപ്പിന്നകത്തുണ്ടായിരുന്ന ആന താഴ്ന്നുകളഞ്ഞു.

"എന്താണിതു്? പോയി കിടന്നുറങ്ങു." ബീഗംജാൻെറ ശബ്ദം എവിടെനിന്നോ കേട്ടു.

"എനിക്കു ഭയമാകുന്നു"

"പോയി കിടന്നുറങ്ങു. അവിടെ ഇത്ര ഭയപ്പെടുവാനെന്താണുള്ളത്? ഖുറാനിൽനിന്ന് 'ആയത്തുൽകുർസി'ഓതിയാൽ ചെകുത്താന്മാർ ഓടിപ്പോകും."

"ഞാനതു് ഓതിനോക്കി. പക്ഷെ എനിക്കതുമുഴുവൻ കിട്ടുകയില്ല. ഞാൻ നിങ്ങളുടെ കിടയ്ക്കയിലേക്കു് വരട്ടെ, ബീഗംജാൻ?"

"വേണ്ട, വേണ്ട. ഇപ്പോൾ അവിടെ കിടന്നുറങ്ങികൊള്ളുക" അവൾ കുറച്ചൊരു ദൃഢസ്വരത്തിൽ പറഞ്ഞു.

അതിനുശേഷം രണ്ടാളുകൾകൂടി പിറുപിറുക്കുന്ന ശബ്ദം മുറിയിൽകേട്ടു.

ഓ! ഈശ്വരാ, ആരാണ് മറേറതു്? ഞാൻ മുമ്പത്തേതിലും ഭയപ്പെട്ടു.

"ബീഗംജാൻ, ഈ മുറിയിൽ കള്ളന്മാരില്ലെന്നു് നിങ്ങൾക്കുറപ്പുണ്ടോ?"

"കള്ളനോ? എന്തുകള്ളൻ? ഉറങ്ങിക്കൊള്ളു കുട്ടി"

ഇപ്പോൾ പറഞ്ഞതു റബ്ബോയാണ്. ഞാൻ വേഗത്തിൽ സ്വസ്ഥതപ്രാപിച്ചുകൊണ്ടു് നിദ്രയ്ക്കൊരുങ്ങി.

പിറേറദിവസം പ്രഭാതത്തിൽ, കഴിഞ്ഞ രാത്രിയിലെ സംഭവങ്ങളുടെ ഒരു നിഴൽപോലും എൻെറ മനസ്സിൽ ശേഷിച്ചിരുന്നില്ല. ഞാൻ സദാ ഓരോ കാര്യങ്ങളെക്കുറിച്ചു ചിന്താധീനയാകാറുണ്ടു്. ഈ നിലയ്ക്കു് ബാല്യകാലത്തിൽ ആരാണ് രാത്രികാലങ്ങളിൽ ഭയപ്പെടാതിരിക്കുക? പകൽ പ്രകാശത്തിൽ, രാത്രിയുടെ പ്രേതങ്ങൾ ഒഴിഞ്ഞുപോകുമ്പോൾ അത്തരം സംഭവങ്ങളെപ്പററി ഞാൻ ചിന്തിക്കാറേയില്ല. അതിനെ തുടൎന്നുണ്ടായ പിറെറ രാത്രിയിൽ ഞാൻ ഉണൎന്നപ്പോൾ റബ്ബോയും ബീഗംജാനുംകൂടി എന്തോ വാക്കേററത്തെക്കുറിച്ചു് അടഞ്ഞ ശബ്ദത്തിൽ കുശുകുശുക്കുന്നതായി എനിക്ക് അനുഭവപ്പെട്ടു. അവർ സംസാരിക്കുന്നതെന്തിനെപ്പററിയാണെന്നൊ അവരെടുത്ത തീരുമാനമെന്താണെന്നൊ എനിക്കു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. റബ്ബൊ കരയുകയും എങ്ങലടിക്കുകയും ചെയ്യുന്നതു കേട്ടു. അതിന്നുശേഷം പൂച്ച പാത്രം നക്കുന്ന ശബ്ദംപോലെ ഒന്നു കേട്ടു. ഹോ! ഞാൻ ഉറങ്ങുവാൻ ആരംഭിച്ചപ്പോൾ എൻെറ മനസ്സ് വല്ലാതെ കുഴഞ്ഞു മറിഞ്ഞിരുന്നു.

ഇന്നു റബ്ബൊ അവളുടെ പുത്രനെ കാണുവാൻ പോയിരിക്കുകയാണ്. അവൻ ഒരു കുസൃതിക്കാരനും ധാരാളിയുമാണ്. ബീഗംജാൻ അവന്നുവേണ്ടി പല സഹായങ്ങളും ചെയ്തുകൊടുത്തു—ഒരു പീടികതുറന്നു കൊടുക്കുകയും ഗ്രാമത്തിൽ ഒരു ജോലിവാങ്ങിക്കൊടുക്കുകയും മററും

ചെയ്തു. അവൻ നവാബ്ബ് സാഹിബിൻെറകൂടെ താമസി ച്ചിരുന്നപ്പോൾ ബീഗംജാൻ അവന്ന് വസ്ത്രങ്ങൾ വാങ്ങി കൊടുക്കുകകൂടി ഉണ്ടായി. പക്ഷെ ഈശ്വരന്നു മാത്രമറിയാം അവൻ ഓടിപ്പോയ്ക്കളഞ്ഞു. ഇപ്പോൾ അവൻ തൻെറ മാതാവിനെക്കൂടി കാണുവാൻ ഇവിടെ വരികയില്ല. തന്മൂലം റബ്ബോ അവളുടെ ഒരു ബന്ധുവിന്റെ ഭവനത്തിൽ മകനെ കാണുവാൻ പോയിരിക്കയാണ്.

ആ ദിവസം മുഴവൻ ബീഗംജാൻ അസ്വസ്ഥയായും സുഖമില്ലാതേയും കാണപ്പെട്ടു. അവളുടെ ശരീരമാസകലം വേദനിച്ചിട്ടും ആരേയും അവളെ സ്പർശിക്കുവാനനുവദിച്ചില്ല. അവൾ ഭക്ഷണംകൂടി കഴിച്ചില്ല. മുഴവൻദിവസവും അവൾ ഏകാകിയായി അസന്തുഷ്ടയായി കിടന്നുക ഴിച്ചു.

"ഞാൻ നിങ്ങളുടെ പുറം ചൊറിയട്ടെ, ബീഗംജാൻ?" ശീട്ടുകളിക്കുമ്പോൾ ഞാൻ ചോദിച്ചു. അവൾ എന്നെ ജിജ്ഞാസുവായി ഒന്നു നോക്കുക മാത്രമാണ് ചെയ്തത്.

"ഞാൻ ചൊറിഞ്ഞുതരട്ടെ?" ഞാൻ ശീട്ടുപെട്ടി ദൂരെ മാററിവെച്ചു.

കുറച്ചു സമയം ഞാൻ അവളുടെ പുറത്ത് ചൊറിഞ്ഞുകൊടുത്തു. അവൾ ശാന്തമായികിടന്നു. റബ്ബോ അപ്പോഴേക്കും വരേണ്ടതായിരുന്നു. പക്ഷെ അവൾ എന്നിട്ടും വന്നിട്ടില്ല. ക്രമാധികമായി ചായകുടിച്ചതുമൂലം ബീഗംജാന്ന് വല്ലാത്ത തലകുത്ത് പിടിപെട്ടു. അതുകൊണ്ട് അവളുടെ പ്രകൃതം വല്ലാതെ വഷളായിത്തീർന്നു.

ഞാൻ വീണ്ടും അവളുടെ പുറം ചൊറിഞ്ഞുകൊണ്ടിരുന്നു. അവളുടെ പുറം ഒരു മേശയുടെ പുറംപോലെ മാർദ്ദവമുള്ളതായിരുന്നു. സാവധാനം ഞാൻ ആ പ്രവൃത്തി തുടർന്നുകൊണ്ടിരുന്നു. അവൾക്കുവേണ്ടി എന്തെങ്കിലും സഹായം ചെയ്യുന്നതിൽ എനിക്കു അതിയായ ആനന്ദമുണ്ട്.

"കുറച്ചുകൂടി ഉറക്കെ മാന്തുക—ആ ചുളിവുവരെ" ബീഗംജാൻ പറഞ്ഞു, "ഇവിടെമാന്തുക—തോളിന്നു കുറച്ചു താഴെയായി—അതെ, അതെ, അവിടെത്തന്നെ—ഇപ്പോൾ ശരിയായി—ശരി—" എന്നിട്ട് അവൾ വേഗത്തിൽ ശ്വാസോഛ്വാസം ചെയ്യുവാൻ തുടങ്ങി.

"ഇവിടേയുംകൂടി!" ആ സ്ഥലത്തു അവളുടെ കൈകൾകൊണ്ടുതന്നെ മാന്താമായിരുന്നു. പക്ഷെ അവൾ എന്നോട് ചെയ്യുവാൻ ആവശ്യപ്പെട്ടു. എനിക്കു വല്ലാത്ത അഭിമാനം തോന്നി.

"ഇവിടെ—ഓയി—നീ എന്നെ കിക്കിളി കാട്ടുകയാണ്. ഓയി!" അവൾ ചിരിച്ചുകൊണ്ടു പറഞ്ഞു.

"ഞാൻനിന്നെ നാളെ ചന്തയിൽ പറഞ്ഞയയ്ക്കാം. നിനക്കെന്താണ് വേണ്ടതു്. ഒരു ബൊമ്മയാണൊ?"

"വേണ്ട, ബീഗം. എനിക്ക് പാവ ആവശ്യമില്ല. ഞാനൊരു കൊച്ചു കുഞ്ഞല്ല"

"പിന്നെ നീ ഒരു വൃദ്ധയാണൊ" അവൾ ചിരിച്ചു "നിനക്കൊരു ബൊമ്മ ആവശ്യമില്ലെങ്കിൽ ഒരു കുട്ടിയെ വാങ്ങിക്കൊ. അവനെ നിനക്ക് വസ്ത്രങ്ങൾ ധരിപ്പിക്കാം

ഞാൻ ഒരുപാട്ട് വസ്ത്രങ്ങൾ തരാം"

"ശരി" ഞാൻ പ്രതിവചിച്ചു.

"ഇവിടെ!" അവൾ എന്റെ കൈപിടിച്ച് അവൾക്ക് ചൊറിയുന്നുണ്ടെന്ന് തോന്നിക്കുന്ന സ്ഥലത്തുവെച്ച് "ഇവിടെ!" അവൾക്കു ചൊറിയുണ്ടെന്ന് തോന്നിക്കുന്ന ഇടങ്ങളിലെല്ലാം അവൾ എൻെറ കൈ കൊണ്ടുചെന്നു. വരുന്നദിവസം ചന്തയിൽപോയി വാങ്ങിക്കുന്നതിനേക്കുറിച്ചുള്ള ഓർമ്മയിൽ മുഴുകിയിരുന്ന ഞാൻ മാന്തിക്കൊണ്ടു തന്നെയിരുന്നു—മാന്തുന്ന ഒരു യന്ത്രംപോലെ!

"ഓ, ആ ചുമന്ന തുണികളല്ലെ! അതുകൊണ്ടുണ്ടാക്കിയ ഉടുപ്പൊന്നും എനിക്കു വേണ്ട"

ഞാൻ അങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ എൻെറ കൈകൾ എവിടെയെല്ലാം സഞ്ചരിച്ചുവെന്ന് ഞാനറിഞ്ഞില്ല. ബീഗംജാൻ മലൎന്നുകിടക്കുകയാണെന്നുകൂടി ഞാനറിഞ്ഞില്ല........ഹോ! ഞാൻ പെട്ടെന്ന്...... എൻെറ കൈകൾ വലിച്ചുകളഞ്ഞു.

"നീ എന്തൊരു കുസൃതിക്കാരിയാണ്. നിനക്ക് കുറച്ചുകൂടി സൂക്ഷ്മതയോടെ പെരുമാറാമായിരുന്നില്ലെ? നീ എൻെറ വാരിയെല്ലുകളെ കിക്കിളിപ്പെടുത്തുകയായിരുന്നു." ബീഗംജാൻ ഒരു കുസൃതിച്ചിരി ചിരിച്ചുകൊണ്ട് മന്ദസ്മിതം തൂകി. ഞാൻ വല്ലാതായിപ്പോയി.

"ഇവിടെവന്ന് എൻെറസമീപം കിടക്കു" അവൾ എൻെറ ശിരസ്സ് അവളുടെ കൈപ്പുറത്ത് വെച്ചു.

"നീ എത്ര കൃശഗാത്രിയാണ്. വാരിയെല്ലും എല്ലുക

ളുംതന്നെ! ഒരുതരി മാംസമില്ല!"

"ഊ-ൗ-!" കിക്കിളിയായിട്ടു ഞാൻ ചുളിഞ്ഞുപോയി. "എന്തൊരിടുങ്ങിയ" സെപററാണ് "നീ ധരിച്ചിരിക്കുന്നതു്?" ഞാൻ വീണ്ടും ചുളിഞ്ഞുകൂടി.

"ഒരുത്തന് എത്ര വാരിയെല്ലുകളുണ്ടാകും?" അവൾ സംഭാഷണവിഷയം മാററി.

"ഒരുഭാഗത്തു് ഒമ്പതും മറുഭാഗത്തു് പത്തും" ഞാൻ വിദ്യാലയത്തിലെ ശരീരശാസ്ത്രത്തെ സ്മരിച്ചുകൊണ്ടു പറഞ്ഞു.

"ഞാനൊന്നെണ്ണട്ടെ.......അതെ, ഒന്ന്.........രണ്ട്.........മൂന്ന്........." എനിക്കോടി രക്ഷപ്പെടണമെന്നു തോന്നി. പക്ഷെ അവളെന്നെ മുറുക്കിപ്പിടിച്ചുകളഞ്ഞു.

"ഊ-ൗ-ൗ! ഊ-ൗ-ൗ!" ഞാൻ കരയുവാനാരംഭിച്ചു. അവൾ പൊട്ടിച്ചിരിക്കുവാനും തുടങ്ങി. ഇപ്പോഴും ഞാനവളുടെ അന്നത്തെ മുഖഭാവത്തെക്കുറിച്ചോർക്കുമ്പോൾ എനിക്കു ഭയമാകുന്നു. അവളുടെ കൺപോളകൾക്കു കട്ടികൂടുകയും വലുതാവുകയും ചെയ്തു. മേലധരത്തിന്മേൽ കറുത്ത ഒരു രേഖ ദൃശ്യമായിരുന്നു. ശൈത്യകാലമായിരുന്നിട്ടും അവളുടെ അധരങ്ങളിലും മൂക്കിന്മേലും സ്വേദകണങ്ങൾ പൊടിഞ്ഞു. അവളുടെ കൈകൾ തൊലി ഉരിച്ചുകളഞ്ഞപോലെ മാർദ്ദവത്തോടും മഞ്ഞുപോലെ തണുത്തും ഇരുന്നിരുന്നു. അവൾ ശരീരത്തിലുണ്ടായിരുന്ന ഷാൾ നീക്കംചെയ്തപ്പോൾ നേരിയ മസ്‌ലിൻ കുപ്പായത്തിൽക്കൂടി അവളുടെ ശരീരം പ്രകാശിക്കുന്ന സ്വർണ്ണംപോ

KOTTAYAM.
THE KOTTAYAM PUBLIC LIBRARY, KOTTAYAM, TRAVANCORE.

ലെ തോന്നി. സമയം സായാഹ്നമായി. അന്ധകാരവും വ്യാപിച്ചുതുടങ്ങി. അജ്ഞാതമായ ഒരു ഭീതി എന്നെ പിടികൂടി.. ബീഗംജാൻെറ ആ അഗാധവും പ്രകാശമാനവുമായ നയനങ്ങൾ! അവൾ എന്നെ ഒരു പാവയെപ്പോലെ ഞെക്കിപ്പിഴിഞ്ഞു കളഞ്ഞിരുന്നു. അവളുടെ ചുടുനിശ്വാസങ്ങളും ശരീരത്തിൻെറ ഉഷ്ണവും എന്നെ വല്ലാതെ കുഴക്കി. പിശാചു് ബാധിച്ച ഒരുത്തിയെപ്പോലെയായിരുന്നു അവൾ. ഭയങ്കരമായി ഭയപ്പെട്ടതുമൂലം എനിക്ക് കരയുവാനുംകൂടി സാദ്ധ്യമായില്ല.

കുറച്ചുസമയം കഴിഞ്ഞപ്പോൾ അവൾ എന്നെ വിമുക്തയാക്കി ക്ഷീണഗാത്രയായി മലൎന്നുകിടന്നു. അവളുടെ മുഖം മങ്ങി നിറമില്ലാതായി. അവൾ കഠിനമായി ശ്വസിച്ചുകൊണ്ടിരുന്നു. അവൾ മരിച്ചുപോകുമൊ എന്നുകൂടി ഞാൻ സംശയിച്ചു. ഞാനെങ്ങിനെയൊ എന്റെ പാദങ്ങളെ കണ്ടെത്തി അവിടെനിന്നും ഓടി.. ..

ഈശ്വരോ രക്ഷതു, അന്നു രാത്രി റബ്ബൊ തിരിച്ചു വന്നു. തന്മൂലം ഞാൻ നേരത്തെതന്നെ ഉറങ്ങുവാനൊരുങ്ങി. പക്ഷെ അന്നു രാത്രി നിദ്ര എന്നെ വിട്ടകന്നു!

അമ്മ ആഗ്രയിൽനിന്നു് തിരിച്ചു വരുവാൻ താമസിച്ചു. ബീഗംജാനെ ഞാൻ വല്ലാതെ ഭയപ്പെട്ടതുകൊണ്ടു് പകൽ മുഴുവൻ അടുക്കളയിൽ പരിചാരികകളുമായി സംസാരിച്ചു് ബീഗംജാൻെറ മുറിയിൽ കടക്കുവാൻകൂടി ഭയപ്പെട്ടു കഴിച്ചുകൂട്ടി. എനിക്ക് വിശ്വസിക്കത്തക്കവരായി ആരുമുണ്ടായിരുന്നില്ല. പിന്നെ ഞാനെന്തു പറയും? എന്തുകൊണ്ടെന്നാൽ ഞാൻ ബീഗംജാനെ അ

ത്രമാത്രം ഭയപ്പെട്ടു. ഇതേ ബീഗംജാൻ എന്നെ എത്ര കാരുണ്യത്തോടുകൂടിയാണ് നോക്കിയിരുന്നത്. ഇപ്പോളവർ എന്നെ വെറുതെ മോഹിക്കുന്നു?

ഇന്നും ബീഗംജാനും റബ്ബോയുമായുള്ള ബന്ധത്തിന്നു കോട്ടംതട്ടി. എൻെറ നിർഭാഗ്യംതന്നെ! അവരുടെ നീരസത്തെക്കുറിച്ച് ഞാൻ വ്യാകുലയായി. ഞാൻ ശൈത്യബാധിതമായ സ്ഥലങ്ങളിൽ ചുററിക്കറങ്ങുന്നത് കണ്ടപ്പോഠം ബീഗം പറഞ്ഞു.

"എടീ, വിഡ്ഢിപ്പെണ്ണേ! നീ എന്നെ ചീത്തയാക്കുവാൻ നോക്കുകയാണ്. നിനക്കെന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ നിൻെറ അമ്മ എന്തു പറയും?" അവഠം എന്നോട്ട് സമീപത്തിരിക്കുവാൻ പറഞ്ഞു. അവഠം മുഖം കഴുകുകയായിരുന്നു. അതിന്നു വേണ്ട ഉപകരണങ്ങളെല്ലാം ഒരു തട്ടിൽ സൂക്ഷിച്ചിരുന്നു.

"ചായയുണ്ടാക്കി ഒരു പാത്രം എനിക്കു തരൂ" മുഖം തുടച്ചുകൊണ്ടു് അവഠം പറഞ്ഞു, "ഞാൻ എൻെറ വസ്ത്രങ്ങഠം മാറുവാൻ പോകയാണ്"

അവഠം വസ്ത്രധാരണം ചെയ്യുമ്പോഠം ഞാൻ പുറം തിരിഞ്ഞിരുന്നുകൊണ്ടു് ചായപ്പാത്രത്തിൽ നോക്കിക്കൊണ്ടിരുന്നു.

"ഓ, എൻെറ അമ്മെ," എൻെറ ഹൃദയം വേദനിച്ചുകൊണ്ടു നിലവിളിച്ചു, "നീ എന്തിനെന്നെ ഇവിടെ വിട്ടുപോയി? എൻെറ ഇപ്പോഴത്തെ സ്ഥിതി നോക്കൂ.."

അമ്മ, എല്ലായ്പോഴും ഞാൻ ആൺകുട്ടികളുമായി

കളിക്കുന്നതിൽ വിരോധം പ്രദർശിപ്പിച്ചിരുന്നു. എന്തായാലും അവർ ആൺകുട്ടികളാണല്ലോ-ഗോറില്ലാകുരങ്ങന്മാരോ പുലികളൊ അല്ലല്ലൊ എന്നെ പിടിച്ചു തിന്നാൻ. പക്ഷെ, അതല്ല. പെൺകുട്ടികളെ സുരക്ഷിതമായ ഒരു സ്ഥലത്തു് ഏഴു് പൂട്ടിട്ട് അടക്കണമെന്നാണ് അമ്മ വിശ്വസിക്കുന്നതു്. എന്നിട്ട് ഇവിടെ ഞാൻ ബീഗംജാനെ, ലോകത്തുള്ള എല്ലാ തെണ്ടികളും ഒന്നിച്ചു കൂട്ടുന്നതിനേക്കാൾ ഭയപ്പെട്ടുന്നു. എനിക്കു് കുറച്ചു ധൈര്യം സംഭരിക്കുവാൻ കഴിഞ്ഞിരുന്നുവെങ്കിൽ ആ നിമിഷത്തിൽത്തന്നെ ഞാൻ ഓടി രക്ഷപ്പെട്ടേനെ. പക്ഷേ ഞാൻ നിസ്സഹായയായിപ്പോയി. അതുകൊണ്ടു് എനിക്കവിടെ ഇരിക്കേണ്ടിവന്നു.

വസ്ത്രധാരണാനന്തരം അവൾ സൌന്ദര്യവർദ്ധനവിന്നുതകുന്ന നീണ്ടതും വിപുലമായതുമായ ഒരു പരിപാടിയിലേർപ്പെട്ടു. അന്തരീക്ഷം സുഗന്ധനിർഭരമായി. അവൾ സന്തോഷവതിയായും ഒരു വിദേശീയസ്ത്രീയായും തോന്നി. എന്നിട്ട് അവൾ തൻെറ സ്നേഹത്തിൻെറ മുഴുവൻ ഭാണ്ഡവും എൻെറ നേരെ അഴിച്ചുവിട്ടു.

"ഇല്ല. എനിക്കു് കഴികയില്ല. ഞാൻ വീട്ടിലേക്കു് പോകയാണ്!" അവളുടെ വിലാസചേഷ്ടകൾക്കു് ഉത്തരമോതിക്കൊണ്ടു് ഞാൻ കരഞ്ഞുതുടങ്ങി.

"എൻെറ അടുത്തേക്കു് വരൂ, ഓമനേ. ഞാൻനിന്നെ ചന്തയിൽ കൊണ്ടുപോകാം......ഇതാ, ഞാൻ പറയുന്നതൊന്നു കേൾക്കൂ."

പക്ഷെ എനിക്കൊരു സുഖവും തോന്നിയില്ല വീ

ട്ടിലേക്ക് പോകുവാനുള്ള എന്റെ ആഗ്രഹത്തെ പ്രതി രോധിക്കുവാനുള്ള കെല്പ് ഈ ലോകത്തിലുള്ള എല്ലാം മ ധുരപലഹാരങ്ങൾക്കോ കളിക്കോപ്പുകൾക്കോ ഉണ്ടായി രുന്നില്ല.

"പിശാച്! നിനക്കറിഞ്ഞുകൂടെ, വീട്ടിൽ നിന്റെ ചേട്ടൻ നിന്നെ അടിക്കുമെന്ന്" എന്നിട്ട് അവൾ സ്നേഹ മസൃണമായവിധം എന്റെ താടിക്കിട്ടുതട്ടി.

"ചേട്ടൻ എന്നെ അടിച്ചുകൊള്ളട്ടെ. എനിക്കതിൽ വലിയ വില തോന്നുന്നില്ല." അതും വിചാരിച്ച് ഞാൻ പഴയപടി എന്റെ വാദത്തെ മുറുക്കിപ്പിടിച്ചു.

"പഴുക്കാത്തമാങ്ങകൾ വല്ലാതെചവക്കും, ബീഗം" ഇപ്പോഴും വെറും അരിശവും പൂണ്ടിരിക്കുന്ന റബ്ബോ പറ ഞ്ഞു.

ബീഗംജാനാവട്ടെ 'ഹിസ്റ്റീറിയ' ബാധിച്ചപോലെ ഇരിക്കുകയാണ്. എന്റെ ഗളത്തിലണിയിക്കുവാൻ മു തിന്ന അവളുടെരത്നമാല കുറച്ചുദൂരെ പൊട്ടിച്ചിതറിക്കി ടന്നിരുന്നു. അവളുടെ മാറാലപോലത്തെ ആവരണം കീ റിപ്പറിഞ്ഞും, സൂക്ഷ്മതയോടെ ചീകിമിനുക്കിയ കേശഭാ രം ചിന്നിച്ചിതറിയും കിടന്നിരുന്നു.

"ഊ-ൗ-ൗ-ഊ-ൗ". ഞാൻ അവളുടെ പിടിക ളിൽനിന്നു ഊരിച്ചാടിയപ്പോൾ അവൾ മുരണ്ടു. വളരെ പ്രയാസപ്പെട്ടതിന്നുശേഷം ബീഗംജാൻ സ്വബുദ്ധിയി ലേക്കു തിരിച്ചെത്തി. അന്നു രാത്രി ഞാൻ മുറിയിലേയ്ക്കു് ഉളിഞ്ഞു നോക്കിയപ്പോൾ, റബ്ബോ ബീഗംജാന്റെ പു റം അമർത്തിക്കൊടുക്കുന്നതു കണ്ടു.

D. M. 1728



82241

"നിൻെറ ഷൂസ് മാററി കിടക്കയിൽ കിടന്നുകൊള്ളു.", റബ്ബോ ആജ്ഞാപിച്ചതനുസരിച്ച് ഞാൻ സാവധാനം കിടക്കയിലേക്കിഴഞ്ഞു.

"സർ-ർ-ർ-ർ, സർ-ർ-ർ".....''പിച്ച്-ച്ച്-ച്ച്" ......അന്ധകാരത്തിൽ അസാധാരണമായ ചില ശബ്ദങ്ങൾ ഉയൎന്നു. ബീഗംജാൻെറ പുതപ്പ്, മദ്യപനായ ഒരു ആനയേപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഇളകി ആടി.

"ഓ. എൻറീശ്വര! ഊ-ൗ..." ഞാൻ നിലവിളിച്ചു. പുതപ്പിലുള്ള ആന ചാടിക്കൊണ്ട് കുത്തിയിരുന്നു. ഞാനും ശാന്തയായി. പിന്നേയും 'ആന' പൊങ്ങുകയും ഉരുളുകയും ചെയ്യുവാൻ തുടങ്ങി. ഞാൻ ഭയംകൊണ്ട് വിറച്ചു. ഇന്ന്, കട്ടിലിന്നരികേയുള്ള വിളക്കിൻെറ സ്വിച്ചിടണമെന്ന് ഞാനുറച്ചിരുന്നു. ആനയേപ്പോലെ തോന്നിച്ചിരുന്ന ആ വസ്തു ചിറകിട്ടടിക്കുവാൻ തുടങ്ങി. ചില അസാധാരണമായ ശബ്ദങ്ങൾ! ആരോ രുചികരമായ "അച്ചാർ' കൂട്ടുന്നതുപോലെ! എനിക്കിപ്പോൾ കാൎയ്യം മനസ്സിലായി. അന്നു മുഴുവൻ ബീഗംജാൻ ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. റബ്ബോ തീൎച്ചയായും ഒരു സാപ്പാട്ടുരാമനാണ്. അവർ ഒരുമിച്ചിരുന്ന് എന്തെങ്കിലും ഭക്ഷിക്കുകയാവണം. ഭക്ഷണസാധനങ്ങളുടെ വാസനയുണ്ടോ യെന്ന് ഞാൻ മണത്തുനോക്കി. പക്ഷെ ഒന്നും തോന്നിയില്ല. ചന്ദനത്തിൻേറയും "ഹന്നാ" യുടേയും വാസനമാത്രം

പുതപ്പ് പിന്നേയും പൊന്തുവാനും താഴുവാനും തുടങ്ങി. ഞാൻ ശാന്തമായി കിടക്കുവാൻ അത്യദ്ധ്വാനം ചെയ്തു. പക്ഷെ ആ പുതപ്പ് ഭയങ്കരമായ ചില രൂപങ്ങളെ

കൈക്കൊള്ളുവാൻ തുടങ്ങിയപ്പോൾ ഞാൻ ഭയംകൊണ്ടു വിറച്ചുപോയി. ഭീകരാകാരനായ ഒരു തവള സ്വയം വീർക്കുന്നതുപോലെ അതു് കാണപ്പെട്ടു. ഏതു് നിമിഷത്തിലാണു് ആ ജന്തു എന്റെ മേൽ ചാടി വീഴുകയെന്നു് ഞാൻ ഭയപ്പെട്ടു.

"ഊ-ൗ-ൗ! അമ്മേ! അമ്മേ!" ഞാൻ നിലത്തിട്ടുചവിട്ടി. പക്ഷെ ആരും ഒന്നും ശബ്ദിച്ചില്ല. ഗ്രദ്ധമായി വളരെ ഭയത്തോടുകൂടി ഞാൻ കട്ടിലിൽ നിന്നിറങ്ങി വിളക്കിന്റെ സമീപത്തേയ്ക്കു് നടന്നു.

"ക്ലോക്ക്!" ഞാൻ വിളക്കു കത്തിച്ചപ്പോൾ "ആന മലക്കം മറിഞ്ഞു പതുക്കെവെളഞ്ഞു. പക്ഷെ അതൊന്നു ചാടിയപ്പോൾ പുതപ്പിന്റെ ഒരു മൂല ഒരടിയോളം തുറന്നു കണ്ടു......

ഹോ, എൻറീശ്വര! ഞാനെന്റെ കിടക്കയിലേയ്ക്കു് താഴ്ന്നു!

**KOTTAYAM PUBLIC LIBRARY**

KOTTAYAM

Cl. No. MF5 [illegible] Acc. No. 82241

This book should be returned on or before the date last stamped below.

20 AUG 1984

21 DEC 2005

**If the book is not returned on due date a fine of 5 Ps. (Five) per day will be charged.**

MF5 82241

CHU 4

ചുവന്നായ ഇന്നൂത്ത്

പുതപ്പിനുള്ളിൽ